# പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 10

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്ത നങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ടതുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ട ത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരി ക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനിക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

## അധ്യാപകരോട്...

പഠനപ്രവർത്തനങ്ങൾ വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസു കൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസന ത്തിനായി ഉപയോഗിക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തന ങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്ന തിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമ്മിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതി യും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണ്ണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണ്ണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹ ജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജ്ജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ/അധ്യാപികയുടെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജ്ജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹസമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്രചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം പത്താം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ട താണ്. പത്താം ക്ലാസിലെ വായന, ലേഖനം എന്നിവയ്ക്ക് പുറമേ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. പദഘടന, വാക്യഘടന, ചിഹ്നനം, പദങ്ങളുടെ ഔചിത്യം, ആശയ സമഗ്രത, കൃത്യത, വ്യക്തത, ഖണ്ഡികാകരണം എന്നിവ പാലിച്ച് രചനകൾ നിർവഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആസ്വാദന ത്തിനും സർഗാത്മകതയ്ക്കും സ്വതന്ത്ര ചിന്തയ്ക്കും പ്രാധാന്യമുള്ള പ്രവർത്തനങ്ങളും കാണാം കവിത, കഥ തുടങ്ങിയ രചനകൾ ഭാവം, താളം, ഈണം ഉൾക്കൊണ്ട് വായിക്കുന്നതിനും ആസ്വാദനാംശങ്ങൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ കുട്ടികളിൽ ചില മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കാൻ ഉതകുന്ന ഭാഷാപഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളി ച്ചിട്ടുണ്ട്. ചില കുട്ടികൾക്കെങ്കിലും അക്ഷരത്തിലും പദതലത്തിലും വാക്യതലത്തിലും ഉള്ള പഠനപ്രയാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാ ക്കേണ്ടതാണ്. എല്ലാ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

# ക്ലാസ് 10

## പ്രവർത്തനം 1

## ആത്മവിശ്വാസത്തോടെ മുന്നേറാം

**ശേഷികൾ/ധാരണകൾ**

- പ്രതിസന്ധികൾ തരണം ചെയ്ത് ജീവിതവിജയം നേടാൻ കഴിയും എന്ന ആത്മവിശ്വാസം ജനിപ്പിക്കുന്നതിന്
- വീഡിയോ വിശകലനം ചെയ്ത് ആശയങ്ങൾ രൂപീകരിക്കുന്നതിനും അവ വാചികമായും ലിഖിതമായും അർഥപൂർണ്ണമായി പ്രകടിപ്പിക്കുന്നതിനും
- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് നിർഭയം സംസാരിക്കുവാനുള്ള കഴിവ് നേടുന്നതിന്
- രചനകളുടെ ആവിഷ്ക്കാര സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുന്നതിന്

**പ്രവർത്തനം**

താളാത്മകമായ കയ്യടികളോടെ ക്ലാസ് തുടങ്ങുന്നു.
തുടർന്ന് ഫായിസ് കടലാസ് പൂവ് ഉണ്ടാക്കാൻ പഠിപ്പിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.
വീഡിയോയിൽ കണ്ടത് എന്തെല്ലാമാണ്?
കുട്ടികൾ പ്രതികരിക്കുന്നു.
അധ്യാപിക ബോർഡിൽ കുറിക്കുന്നു.
(പറഞ്ഞവരുടെ പേരും അതിനു നേരെ എഴുതണം.)
ഫായിസ് എന്താണ് ചെയ്തത്?
ഒരു വാക്യത്തിൽ വ്യക്തതയോടെ കുറിക്കാൻ എല്ലാവരോടും ആവശ്യപ്പെടുന്നു.

> വാക്യ നിർമ്മിതിക്ക് ബോർഡിലെ വാക്കുകളും വാക്യങ്ങളും ആവശ്യം പോലെ പ്രയോജനപ്പെടുത്താനും പറയാം
> എഴുതാൻ പ്രയാസമുള്ളവർക്ക് തൊട്ടടുത്തുള്ള കുട്ടികളുടെയും അധ്യാപകന്റെയും സഹായം ഉറപ്പാക്കണം.
> എഴുതിക്കഴിഞ്ഞാൽ പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്താനുള്ള നിർദ്ദേശം നൽകണം.

തുടർന്ന് ഫായിസ് പറഞ്ഞതുപോലെ നമുക്കും ഒരു പൂവ് ഉണ്ടാക്കി നോക്കിയാലോ എന്ന് ചോദിക്കുന്നു.

കളർ പേപ്പർ നൽകുന്നു.
ഓരോരുത്തരും ഇഷ്ടപ്പെട്ട രീതിയിൽ പൂവുണ്ടാക്കട്ടെ
എല്ലാവരും ശ്രദ്ധയോടെ ചെയ്യണം.
ഓരോരുത്തരും സ്വന്തം പൂവ് വിലയിരുത്തുന്നു.
പൂവ് ഉണ്ടാക്കിയത് എങ്ങനെ എന്ന് പറയാമോ?

ഒന്ന്/രണ്ട് കുട്ടികൾക്ക് അവസരം നൽകുന്നു.

> വാചികപ്രകടനത്തിന് ആത്മവിശ്വാസം നൽകുന്ന തരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പിന്തുണ നൽകാൻ ശ്രദ്ധിക്കണം.


തുടർന്ന് ഫായിസ് പറഞ്ഞ വാക്യങ്ങളിൽ ഏറ്റവും ഇഷ്ടപ്പെട്ടത് കണ്ടെത്താൻ പറയുന്നു.
അതിനായി ആവശ്യമെങ്കിൽ വീഡിയോ ഒന്നുകൂടി പ്രദർശിപ്പിക്കുന്നു.
കുട്ടികൾഎഴുതുന്നു. പരസ്പരം കൈമാറി വായിച്ചു നോക്കുന്നു.
മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നു.
അക്ഷര-പദ-വാക്യ തലങ്ങളിലെ പോരായ്മകൾ പരസ്പരം ചൂണ്ടിക്കാണിച്ച് മെച്ചപ്പെടുത്തി എഴുതുന്നു.

> *എഴുത്തിൽ പ്രയാസങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക സഹായം നൽകുമല്ലോ.*

ഓരോരുത്തരും വായിച്ച് അവതരിപ്പിക്കുന്നു.
ഏറ്റവും ശ്രദ്ധേയമായവ ബോർഡിൽ കുറിക്കുന്നു.

> *ചെലോരത് റഡ്യാവും*
> *ചെലോരത് റഡ്യാവൂല*
> *ന്റത് റഡ്യായിട്ടില്ല*
> *ന്നാലും ഞമ്മക്കൊരു കൊയപ്പോല്ല.*

ഈ വാചകങ്ങളും വീഡിയോയും വിശകലനം ചെയ്ത് ഫായിസിന്റെ ഗുണങ്ങൾ കണ്ടെത്തി എഴുതുക.
കുട്ടികൾക്ക് പറയാൻ അവസരം കൊടുക്കുന്നു.
അധ്യാപകൻ ബോർഡിൽ എഴുതുന്നു.
അവ ചേർത്ത് ഫായിസിന്റെ ഗുണങ്ങൾ പദസൂര്യനാക്കി എഴുതാൻ ആവശ്യപ്പെടുന്നു.




പദസൂര്യൻ നിർമ്മിക്കാം

## പ്രവർത്തനക്കാർഡ് 1 എ

ബോർഡിൽ ഉള്ളവ എടുത്തെഴുമ്പോൾ പ്രത്യേകം ശ്രദ്ധിക്കാൻ നിർദേശിക്കണം.
ബോർഡിൽ ഉള്ളതുകൂടാതെ പുതിയ എന്തെങ്കിലും ഒരു ഗുണം കൂടി കണ്ടെത്തി എഴുതാനും നിർദേശിക്കണം.

നമ്മുടെ പ്രിയപ്പെട്ട കുഞ്ഞനുജൻ ഫായിസിന് നമുക്ക് നല്ല കൈയടി നൽകാം.
പല താളത്തിലുള്ള ആവേശം പകരുന്ന കൈയടി.

ഫായിസിന്റെ ഈ വീഡിയോ നമ്മുടെ പ്രവർത്തനങ്ങളിലെ വീഴ്ചകളെക്കുറിച്ചും പിഴവുകളെക്കുറിച്ചും അതിനെ നേരിടേണ്ടതിനെക്കുറിച്ചും നമുക്ക് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം?
എല്ലാവരും കുറിക്കുന്നു. മൂന്നോ/നാലോ പേർ ഗ്രൂപ്പിൽ മെച്ചപ്പെടുത്തി എഴുതുന്നു.
ഗ്രൂപ്പുകളുടെ അവതരണം
പൊതുചർച്ച
ക്രോഡീകരണം

കുട്ടികൾക്ക് ആത്മവിശ്വാസവും പ്രചോദനവും പകരുന്ന വിധത്തിൽ ക്രോഡീകരിക്കണം.
എന്തെങ്കിലും ചെയ്യുന്ന സമയത്ത് പിഴവുകൾ ഉണ്ടാകും. പിഴവുകൾ വരുമെന്ന് കരുതി ഒന്നും ചെയ്യാതിരിക്കരുത്.
പിഴവുകളെ ധീരതയോടെ നേരിടുക. അതിജീവിച്ച് മുന്നേറുക. ധൈര്യത്തോടെ ഓരോ കാര്യവും നാം ഏറ്റെടുത്ത് ശ്രദ്ധയോടെ ചെയ്തു പൂർത്തീകരിക്കാം.

തുടർന്ന് 'ഫായിസ് പകരുന്ന ജീവിത പാഠങ്ങൾ' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.
പ്രസംഗം തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

- വിഷയത്തെക്കുറിച്ചുള്ള പരമാവധി ആശയങ്ങൾ ഉൾക്കൊള്ളണം
- കാലിക പ്രസക്തി തിരിച്ചറിയണം
- സ്വന്തം നിലപാട് യുക്തിഭദ്രമായി അവതരിപ്പിക്കണം
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിക്കണം
- വ്യവഹാര രൂപത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളണം

പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

നാല്/അഞ്ചു പേർഗ്രൂപ്പിൽ നേരത്തെ പറഞ്ഞ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രസംഗം എങ്ങനെ തയ്യാറാക്കാം എന്ന് ചർച്ച ചെയ്യുന്നു. തുടർന്ന് ഓരോരുത്തരും എഴുതുന്നു.

**പ്രവർത്തനക്കാർഡ് 1 ബി**

| പ്രസംഗം തയാറാക്കാം |
|---|

പരസ്പരം കൈമാറി വിലയിരുത്തുന്നു.

പ്രസംഗത്തിന്റെ വിലയിരുത്തൽ സൂചകങ്ങൾ ചാർട്ട്/സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

പരസ്പരം കൈമാറി വിലയിരുത്തുന്നു.

മികച്ചവ കണ്ടെത്തുന്നു. രണ്ടുമൂന്നെണ്ണം അവതരിപ്പിക്കുന്നു.

സ്വന്തം രചന മെച്ചപ്പെടുത്തേണ്ടത് എങ്ങനെയെല്ലാം?

പരസ്പരം ചർച്ചചെയ്യുന്നു.

(പ്രധാനപ്പെട്ട ആശയങ്ങൾ, പ്രസംഗത്തിന്റെ വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.)

തുടർന്ന് ഫായിസിന്റെ സംഭാഷണങ്ങൾ എഴുതിയ സ്ലൈഡ്/ചാർട്ട് പ്രദർശിപ്പിക്കുന്നു. എന്താണ് ഈ സംഭാഷണങ്ങളുടെ പ്രത്യേകത?

കുട്ടികൾ പ്രതികരിക്കുന്നു.

ക്രോഡീകരണം

- സംസാരഭാഷയിലാണ്.
- ഫായിസിന്റെ വികാരവിചാരങ്ങൾ കേൾവിക്കാർക്ക് ഹൃദയസ്പർശിയായി അനുഭവപ്പെടുന്നത് അതുകൊണ്ടാണ്.
- നിഷ്കളങ്കത തുളുമ്പി നിൽക്കുന്ന ശൈലി.

തുടർന്ന് 'പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്' എന്നിവയിലെ ചില സംഭാഷണഭാഗങ്ങൾ എഴുതിയ സ്ലിപ്പുകൾ ഓരോന്നു വീതം വിതരണം ചെയ്യുന്നു.

(ഒരേ ബെഞ്ചിലുള്ളവർക്ക് വ്യത്യസ്തമായത് കിട്ടും വിധം നൽകണം)

1. 'തമ്പ്രാ, ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട.'
2. 'നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടുചെന്ന് വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്.'
3. 'എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?'
4. എന്റെ മോനെ! എങ്ങനെ കൊഴുത്തു ചക്കുങ്കുറ്റി പോലിരുന്ന ക്ടാത്തിയാ. ഇപ്പം എല്ലെല്ലാം തെളിഞ്ഞു.
5. അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല.
6. ഞാനെങ്ങന്യാ മോനെ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ ...

സംഭാഷണവും സന്ദർഭവും  സവിശേഷതയും കണ്ടെത്താൻ നിർദ്ദേശിക്കുന്നു.
ഓരോരുത്തരും സന്ദർഭവും സവിശേഷതയും കണ്ടെത്തുന്നു
അവതരിപ്പിക്കുന്നതിനായി എഴുതി തയ്യാറാക്കുന്നു.
ഒരേ സ്ലിപ്പ് കിട്ടിയ കുട്ടികൾ ഗ്രൂപ്പ് ആകുന്നു. (വ്യക്തിഗതം). ഗ്രൂപ്പിൽ അവരെഴുതിയ സന്ദർഭവും സവിശേഷതയും ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.
ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.
(പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത് എന്നീ രചനകളിലെ പ്രധാന ആശയങ്ങൾ സ്വാംശീകരിക്കാൻ കഴിയുന്ന വിധത്തിൽ ഓരോന്നും ക്രോഡീകരിക്കണം.)

**തുടർപ്രവർത്തനം :**

ചർച്ചകൾ മുൻനിർത്തി 'വാമൊഴി ഭാഷയുടെ കരുത്തും കാന്തിയും എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 2

## രസിച്ചു പാടാം... എഴുതാം...

**ശേഷികൾ/ധാരണകൾ**

- ഭാഷാവസ്തുതക്കളെക്കുറിച്ചുള്ള ധാരണനേടലും ഉചിതമായസന്ദർഭത്തിൽ പ്രയോഗിക്കലും
- ചിഹ്നങ്ങളെക്കുറിച്ച് ധാരണ നേടൽ
- പ്രയോഗസവിശേഷതകൾ കണ്ടെത്തൽ

**പ്രവർത്തനം**

മാതൃസ്നേഹവും അമ്മയോടുള്ള ആത്മബന്ധവും പ്രമേയമായ സിനിമാപ്പാട്ടുകൾ (ആദ്യത്തെ നാലു വരി) സ്വരചിഹ്നങ്ങൾ ഇല്ലാതെ എഴുതിയ  സ്ലിപ്പുകൾ ഓരോന്ന് വീതം കുട്ടികൾക്ക് നൽകുന്നു. (ഒരേ ബെഞ്ചിലുള്ള കുട്ടികൾക്ക് വ്യത്യസ്തമായവ നൽകണം)
അവർക്ക് ലഭിച്ച വരികളിൽ സ്വരചിഹ്നങ്ങൾ യഥാസ്ഥാനത്ത് ചേർത്ത് എഴുതാൻ നിർദ്ദേശിക്കുന്നു.
തുടർന്ന് ഒരേ പാട്ട് ലഭിച്ചവർ അത് പാടിക്കൊണ്ട് ഗ്രൂപ്പ് ആകുന്നു.
ഗ്രൂപ്പിൽ ഇരുന്നശേഷം ആദ്യത്തെ നാലുവരി സ്വരചിഹ്നങ്ങൾ ചേർത്ത് എഴുതിയത് ശരിയാണോ എന്ന് പരസ്പരം വിലയിരുത്തുന്നു.
ചർച്ച ചെയ്തു തിരുത്തലുകൾ വരുത്തുന്നു.
സ്വരചിഹ്നങ്ങളില്ലാതെ എഴുതിയ  പാട്ട് അതുപോലെ പാടാൻ അവസരം നൽകുന്നു. (അത് രസകരമായ ഒരു അനുഭവമായിരിക്കും. ഏതോ വിദേശ ഭാഷയിലുള്ള പാട്ടുപോലെ തോന്നിക്കും.)
അക്ഷരങ്ങളും സ്വരചിഹ്നങ്ങളും ശരിയായി ചേർത്തില്ലെങ്കിൽ ആശയവിനിമയത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?
ലഘുചർച്ച  ക്രോഡീകരണം
തുടർന്ന്

'എന്നമ്മേ ഒന്നു കാണാൻ എത്ര നാളായ് ഞാൻ കൊതിച്ചു' എന്ന പാട്ടിലെ ആദ്യത്തെ നാലു വരി സ്വരചിഹ്നങ്ങൾ ഇല്ലാതെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു.

എന്ന മ്മ ഒന്ന ക ണ ൻ
എത്ര ന ള യ ഞ ൻ കെ ത ച്ച
ഇ മ ട യ ൽ വ ണ റ ങ്ങ ന
എ ത ര വ ൽ ഞ ൻ ന ന ച്ച

വരികൾ സ്വരചിഹ്നങ്ങൾ ചേർത്ത് ശരിയായി എഴുതാൻ നിർദ്ദേശിക്കുന്നു.
ഓരോരുത്തരും എഴുതുന്നു.
എഴുതിക്കഴിഞ്ഞവർ പാടി അവതരിപ്പിക്കുന്നു.
അധ്യാപിക പാട്ടിന്റെ ഓഡിയോ കേൾപ്പിക്കുന്നു കുട്ടികൾ ഒന്നിച്ച് പാടുന്നു.
വിശകലന ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.
കുട്ടികൾ കുറിക്കുന്നു.
അവതരിപ്പിക്കുന്നു.
ഈ പാട്ടിൽ ആരെക്കുറിച്ചാണ് പറയുന്നത്?
ഈ പാട്ടിൽ ആരുടെ മോഹമാണ് തെളിയുന്നത്?
അമ്മയെ കാണാനുള്ള അടങ്ങാത്ത മോഹം ഏതൊക്കെ വരികളിലാണ് വ്യക്തമാവുന്നത്? ബാല്യകാലത്തേക്ക് തിരിച്ചു പോകാൻ ഇന്ന് മകൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ടാവും?
'കരളുരുകുമൊരു താരാട്ട്', 'അലയേണമീ കിനാച്ചിറകിൽ' എന്നീ പ്രയോഗങ്ങളുടെ ഭംഗി വ്യക്തമാക്കുക.
ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു.
പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.
ബോർഡിൽ എഴുതിയതുമായി തട്ടിച്ചുനോക്കി സ്വന്തം എഴുത്തിലെ പോരായ്മകൾ പരിഹരിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകണം.

- മകൻ/മകൾ
- അമ്മ
- അമ്മയുടെ അതിരറ്റ സ്നേഹവാത്സല്യങ്ങളും കരുതലും ഇനിയും ലഭിക്കണമെന്ന മോഹം.
- അമ്മയുടെ താരാട്ട് പാട്ടുകൾ പകരുന്ന അവാച്യമായ ആഹ്ലാദാനുഭൂതികളും ആശ്വാസവും മകൻ ഇന്നും കൊതിക്കുന്നു.

ഈ പാട്ടിൽ അമ്മയുടെ താരാട്ട് കേൾക്കാനും അമ്മയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനും വെമ്പൽ കൊള്ളുന്ന ഒരു മകന്റെ മനസ്സാണ് നമ്മൾ കാണുന്നത്.
നമ്മൾ പഠിച്ച/ആസ്വദിച്ച അമ്മത്തൊട്ടിലിലെ മകനോ? അമ്മത്തൊട്ടിലിലെ മകന്റെ പ്രവൃത്തിയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം രണ്ടു വാക്യത്തിൽ കുറിക്കുക. ഏതാനും പേർ അവതരിപ്പിക്കുന്നു. അവയിൽ ഏറ്റവും മനോഹരമായ, അർഥപൂർണമായ രണ്ടു വാക്യങ്ങൾ അധ്യാപിക ബോർഡിൽ കുറിക്കുന്നു.

ഈ വാക്യങ്ങൾ അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റി എഴുതാമോ?
വ്യക്തിഗതമായി തയ്യാറാക്കുന്നു.മൂന്ന് നാല് പേർ അവതരിപ്പിക്കുന്നു.
ഒറ്റവാക്യമാക്കിയതിൽ ഏറ്റവും ശരിയായ വാക്യം ഏതാണെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ഒറ്റ വാക്യമാക്കി മാറ്റിയെഴുതുമ്പോൾ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാം?
ബോർഡിലെ വാക്യങ്ങളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുന്നു.
ആ വാക്യങ്ങൾ അർഥവ്യത്യാസം വരാതെ എങ്ങനെയെല്ലാം മാറ്റി എഴുതാം?
വൈവിധ്യമാർന്ന വാക്യങ്ങൾ കണ്ടെത്തി എഴുതാൻ നിർദ്ദേശിക്കുന്നു.
അവതരിപ്പിക്കുന്നു.
തുടർന്ന് 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ പ്രധാന ആശയം ഒരു വാക്യത്തിൽ എഴുതാൻ നിർദ്ദേശിക്കുന്നു.
വ്യക്തിഗതമായി കുറിക്കുന്നു.ഗ്രൂപ്പിൽ ചർച്ച ചെയ്ത് കവിതയുടെ ആശയം സമഗ്രമായി അവതരിപ്പിച്ച മികച്ച വാക്യം കണ്ടെത്തുന്നു.
അവതരിപ്പിക്കുന്നു.
അത്തരത്തിൽ ഒന്നോ രണ്ടോ വാക്യങ്ങൾ ബോർഡിൽ എഴുതുന്നു.കവിതയുടെ ആശയതലം ചർച്ച ചെയ്യുന്നു.
ബോർഡിലുള്ള വാക്യത്തെ അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതാൻ നിർദ്ദേശിക്കുന്നു. വ്യക്തിഗതമായി കുറിക്കുന്നു.
പരസ്പരം കൈമാറി വിലയിരുത്തുന്നു.
മെച്ചപ്പെടുത്തുന്നു.
അവതരിപ്പിക്കുന്നു.
രണ്ടു വാക്യമാക്കി മാറ്റി എഴുതിയപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്?
അർഥവ്യത്യാസം വരാതെ എങ്ങനെയെല്ലാം മാറ്റിയെഴുതാൻ കഴിയുമായിരുന്നു?
കുട്ടികൾ എഴുതിയ വ്യത്യസ്തതയുള്ള വാക്യങ്ങൾ അവതരിപ്പിക്കുന്നു.
(ഇത്തരത്തിൽ വാക്യങ്ങൾ അർഥവ്യത്യാസം വരാതെ ചേർത്ത് എഴുതാനും ഒറ്റവാക്യങ്ങൾ രണ്ടു വാക്യങ്ങൾ ആക്കാനുമുള്ള കൂടുതൽ വ്യത്യസ്തമായ മാതൃകകൾ കുട്ടികൾക്ക് നൽകണം)

**തുടർപ്രവർത്തനം :**

അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

## പ്രവർത്തനം 3

## ആസ്വാദനക്കുറിപ്പ് തയാറാക്കാം

**ശേഷികൾ/ധാരണകൾ:**

- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- വാങ്മയ ചിത്രങ്ങൾ കണ്ടെത്തുന്നതിന്.
- ആസ്വാദനാംശങ്ങൾ കണ്ടെത്തുന്നതിന്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്.

**പ്രവർത്തന ക്രമം**

തുടർ പ്രവർത്തനമായി തയാറാക്കിയ 'അമ്മത്തൊട്ടിലി'ന്റെ ആസ്വദനക്കുറിപ്പ് കുട്ടികൾ ഗ്രൂപ്പുകളിൽ അവതരിപ്പിക്കുന്നു.

മികച്ചവ കണ്ടെത്തി, ചർച്ച ചെയ്ത് മെച്ചപ്പെടുത്തി പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ഇവയിൽ മികച്ച ആസ്വാദനക്കുറിപ്പായി നിങ്ങൾക്കു തോന്നിയത് ഏതാണ്?

എന്തുകൊണ്ട്?

ആസ്വാദനക്കുറിപ്പുകളെ വിലയിരുത്തുന്നതെങ്ങനെയാണ്?

സൂചകങ്ങൾ ചർച്ച ചെയ്ത് ബോർഡിൽ കുറിക്കുന്നു.

- കവിതയുടെ ആശയതലം ഉൾക്കൊണ്ടിട്ടുണ്ട്.
- പ്രയോഗങ്ങളുടെ ഔചിത്യം, ധ്വനി, ഭംഗി എന്നിവ വിശദമാക്കിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

ഓരോ ഗ്രൂപ്പിലെയും മികച്ച ഒരു കുറിപ്പ് പൊതുവായി അവതരിപ്പിക്കുന്നു.

മികച്ചവ കണ്ടെത്താനും മികവിന്റെ കാരണങ്ങൾ കണ്ടെത്തി പറയുവാനും ടീച്ചർ കുട്ടികൾക്ക് അവസരം നൽകുന്നു. അധ്യാപിക കൂട്ടിച്ചേർക്കുന്നു.

**ക്രോഡീകരിക്കുന്നു**

**പ്രവർത്തനക്കാർഡ് 3 എ**

| |
|---|
| അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക. |

ആസ്വാദനക്കുറിപ്പിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് കുറിപ്പ് മെച്ചപ്പെടുത്തി എഴുതുന്നു

സ്വയം/പരസ്പരം വായിച്ച് വിലയിരുത്തുന്നു.

അധ്യാപികയുടെ സഹായത്തോടെ കുറിപ്പ് കൂടുതൽ മെച്ചപ്പെടുത്തുന്നു

## പ്രവർത്തനം 4

## ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്താം

**ശേഷികൾ/ധാരണകൾ**

- കാഴ്ചകൾ വിശകലനം ചെയ്ത് വിമർശനാത്മകമായി പരിശോധിക്കുവാനുള്ള കഴിവ് നേടുന്നതിന്.
- വ്യത്യസ്ത വ്യവഹാര രൂപങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- രചനയും ശീർഷകവും തമ്മിലുള്ള ബന്ധം മനസിലാക്കുന്നതിന്.

**പ്രവർത്തനം**

ഇനി നമുക്ക് ഒരു കുഞ്ഞുസിനിമ കണ്ടാലോ?

കുഞ്ഞുസിനിമാ പ്രദർശനം (4മിനിറ്റ് )

(' SORRY ' )

സിനിമ നിങ്ങൾക്ക് ഇഷ്ടമായോ?

എന്തുകൊണ്ട്?

കുട്ടികളോട് അഭിപ്രായം ചോദിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

അധ്യാപിക സിനിമയെക്കുറിച്ച് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

'SORRY ' എന്ന പേര് ഈ സിനിമയ്ക്ക് എത്രത്തോളം ഉചിതമാണ്?

സിനിമയുടെ ആശയവുമായി ശീർഷകത്തിനുള്ള ബന്ധം എന്താണ്?

കുട്ടികൾ കുറിക്കുന്നു.

**പ്രവർത്തനക്കാർഡ് 4 എ**

| |
|---|
| ആശയവും ശീർഷകവുമായുള്ള ബന്ധം |

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

മികച്ച കണ്ടെത്തലുകൾ പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ടീച്ചർ പ്രധാന ആശയങ്ങൾ ബോർഡിൽ

കുറിക്കുന്നു.

ഒരു രചനയ്ക്ക് പേരു നൽകുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

ലഘു ചർച്ച

നിങ്ങൾ കോഴിയും കിഴവിയും എന്ന കഥ പഠിച്ചല്ലോ.

കഥയ്ക്ക് ആ ശീർഷകം എത്രത്തോളം അനുയോജ്യമാണ്?

**പ്രവർത്തനക്കാർഡ് 4 ബി**

| |
|---|
| കോഴിയും കിഴവിയും എന്ന ശീർഷകം കഥയ്ക്ക് എത്ര മാത്രം അനുയോജ്യമാണ്. കുറിപ്പ് തയാറാക്കുക. |

കുട്ടികൾ പ്രതികരിക്കുന്നു.

കഥയുടെ ഉള്ളടക്കം  പറയുന്നു.

കഥയിൽ കോഴി പ്രശ്നവും കിഴവി പരിഹാരവുമാണ്' എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

വ്യക്തിപരമായി കുറിക്കുക

അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങളാണ് ഗ്രൂപ്പുകൾ കുറിക്കേണ്ടത്.

നമുക്കൊരു സംവാദം നടത്താം.

സംവാദം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**സംവാദം**

- വിഷയത്തിന്റെ വിഭിന്ന വശങ്ങൾ നിശ്ചയിക്കൽ
- ക്ലാസിനെ രണ്ടു സംഘമാക്കൽ
- ഓരോ സംഘവും അവരുടെ നിലപാടുകൾ ന്യായീകരിച്ച് വാദപ്രതിവാദങ്ങൾ നടത്തൽ
- മോഡറേറ്റർ ചർച്ചയെ നിയന്ത്രിക്കൽ, ക്രോഡീകരിക്കൽ

കുട്ടികൾ മോഡറേറ്ററെ തീരുമാനിക്കുന്നു.

ഗ്രൂപ്പുകൾ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നു.

**മോഡറേറ്റർ ക്രോഡീകരിക്കുന്നു.**

**തുടർപ്രവർത്തനം**

'കോഴിയും കിഴവിയും' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 5

## കഥയിൽ നിന്ന് നാടകത്തിലേക്ക്

**ശേഷികൾ/ധാരണകൾ**

- കഥയുടെ ഭാവം ഉൾക്കൊണ്ട് ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള ശേഷി
- സംഭാഷണങ്ങൾ സ്വാഭാവികമായി അവതരിപ്പിക്കാനുള്ള ശേഷി
- കഥ നാടകമാക്കുമ്പോൾ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ധാരണ നേടുന്നു.

കുട്ടികളും ടീച്ചറും വട്ടത്തിൽ ഇരിക്കുന്നു.

ടീച്ചർ മനോഹരമായ ഒരു കഥ ഭാവം ഉൾക്കൊണ്ട് പറയുന്നു.

ഒന്നു രണ്ടു കുട്ടികളോട് ചെറിയ കഥകൾ പറയുവാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ കഥ പറയുന്നു.

കഥ പറയുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

ടീച്ചർ ചില സൂചനകൾ നൽകുന്നു. ബോർഡിൽ കുറിക്കുന്നു

- രസകരമായ അവതരണം
- തുടക്കവും ഒടുക്കവും
- കഥാപാത്രങ്ങൾ
- ഉചിതമായ ഭാവചലനങ്ങൾ
- ശബ്ദക്രമീകരണം

നമുക്കെല്ലാവർക്കും കൂടി ഒരു കഥ പറഞ്ഞു പൂർത്തിയാക്കിയാലോ?

ഓരോരുത്തരും ഓരോ വാക്യം വീതമാണ് കൂട്ടിച്ചേർക്കേണ്ടത്.
രസകരമായ ഒരു കഥ രൂപപ്പെടുന്ന വിധത്തിലാണ് പറയേണ്ടത്.
തൊട്ടു മുൻപു പറഞ്ഞ ഭാഗത്തെ കഥാപാത്രങ്ങളേയും സംഭവങ്ങളേയും അവയുടെ വളർച്ചാസാധ്യതകളേയും പരിഗണിക്കണം.

ടീച്ചർ പുതിയ ഒരു കഥയുടെ ആദ്യ വാചകം അവതരിപ്പിക്കുന്നു.
തൊട്ടടുത്തുള്ള കുട്ടി കഥയുടെ അടുത്ത ഭാഗം പറഞ്ഞ് കഥ വികസിപ്പിക്കുന്നു.
അങ്ങനെ കുട്ടികളോരോരുത്തരും വളരെ രസകരമായ കൂട്ടിച്ചേർക്കലുകളുമായി ആ കഥ പൂർത്തീകരിക്കുന്നു.
ടീച്ചർ അഭിനന്ദിക്കുന്നു.
ടീച്ചർ ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.
കഥ എങ്ങനെയുണ്ടായിരുന്നു?
കഥയിൽ നാടകീയത ഏറ്റവും ഉണ്ടായത് ആര്/എന്തു പറഞ്ഞപ്പോഴാണ് ?
കഥാന്ത്യം തൃപ്തികരമായിരുന്നോ?
കുട്ടികൾ പ്രതികരിക്കുന്നു.
നിങ്ങളായിരുന്നു കഥാന്ത്യം അവതരിപ്പിച്ചിരുന്നത് എങ്കിൽ എങ്ങനെ അവസാനിപ്പിക്കുമായിരുന്നു?
'കുട്ടികൾ കുറിക്കുന്നു'

**പ്രവർത്തനകാർഡ് 5 എ**

| |
|---|
| കഥാന്ത്യം മാറ്റിയെഴുതാം. |

മൂന്ന് പേർ ഗ്രൂപ്പിൽ മികച്ചത് കണ്ടെത്തുന്നു.
ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.
തുടർന്ന്കോഴിയും കിഴവിയും എന്ന കഥ അവസാനിക്കുന്നത് എങ്ങനെയാണെന്ന് ടീച്ചർ ചോദിക്കുന്നു.
കുട്ടികൾ പറയുന്നു
ഈ കഥാന്ത്യം എങ്ങനെയാവണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?
കുട്ടികൾക്ക് ഭാവന ചെയ്യാനും കൂട്ടിച്ചേർക്കാനും അവസരം നൽകുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു.
(കോഴിയും കിഴവിയും എന്ന കഥയുടെ പ്രമേയവും പ്രധാനപ്പെട്ട സംഭവങ്ങളും ഓർമ്മിക്കാൻ ഉതകുന്ന വിധത്തിൽ ചർച്ച നടത്തണം.)

തുടർന്ന് കഥയിൽ കുട്ടികൾ തമ്മിലുള്ള വഴക്ക് വർണ്ണിക്കുന്ന ഭാഗം വായിക്കുവാൻ ഒന്ന് രണ്ട് പേർക്ക് അവസരം നൽകുന്നു.

ഒന്നു രണ്ടു കുട്ടികൾ വായിക്കുന്നു.

കഥ വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ പറയുന്നു.

കഥാവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ടീച്ചർ ചാർട്ട് ചെയ്യുന്നു

**കഥാവായന**

- കഥയുടെ ഭാവം ഉൾക്കൊണ്ട് ആകർഷക മായ അവതരണം
- ഉച്ചാരണശുദ്ധി
- ആശയവ്യക്തത
- ശബ്ദക്രമീകരണം
- 

തുടർന്ന് ആ ഭാഗം രണ്ടുപേർ വീതമുള്ള ഗ്രൂപ്പുകളായി നാടകീയതയോടെ സംഭാഷണമായി അവതരിപ്പിക്കുവാൻ നിർദേശിക്കുന്നു.

ഏറ്റവും നന്നായി അവതരിപ്പിച്ച ഗ്രൂപ്പ് ഏതാണ്? എന്തുകൊണ്ട്?

കുട്ടികൾ വിലയിരുത്തുന്നു

**തുടർപ്രവർത്തനം**

'പണയം' എന്ന കഥയിലെ പ്രധാനപ്പെട്ട അഞ്ചു രംഗങ്ങൾ 5 ഗ്രൂപ്പുകൾക്കായി നൽകുന്നു അടുത്തദിവസം നാടക രൂപത്തിൽ അവതരിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു

## പ്രവർത്തനം 6

## നാടകം കളിക്കാം... പഠിക്കാം...

**ശേഷികൾ/ധാരണകൾ**

- കഥകൾ വായിച്ച് ആസ്വദിക്കുകയും, ആവശ്യമായ അരങ്ങ് സാമഗ്രികൾ ഒരുക്കി അവതരിപ്പിക്കുകയും ചെയ്യുവാനുള്ള ശേഷി നേടുക.

എല്ലാ കുട്ടികളും അവരവരുടെ പേന എടുക്കുവാൻ ടീച്ചർ ആവശ്യപ്പെടുന്നു

ടീച്ചറും പേന എടുക്കുന്നു.

പേനയെ സുഹൃത്തായി കരുതി അഭിനയിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

ഒപ്പം വിവിധ ഭാവത്തിൽ പേനയോട് സംസാരിച്ചു നോക്കൂ...

കരഞ്ഞുകൊണ്ട്, ചിരിച്ചു കൊണ്ട്, ദയനീയമായി

ഇന്നലെ നമ്മൾ 'പണയം' നാടകമാക്കി അവതരിപ്പിക്കാൻ തീരുമാനിച്ചിരുന്നു.

നാടകം അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

**ലഘുചർച്ച**

**നാടകാവതരണം**

- ആശയാവിഷ്കാരം
- കഥാപാത്രങ്ങളുടെ സവിശേഷതകൾ ഉൾക്കൊണ്ടുള്ള അഭിനയം
- സംഭാഷണത്തിലുള്ള സ്വാഭാവികത
- ആകാംക്ഷ ഉണർത്തുന്ന അവതരണം
- പ്രശ്നത്തോടുള്ള നിലപാട്
- ആശയങ്ങളുടെ പരസ്പര ബന്ധം

ഓരോ ഗ്രൂപ്പും നാടകം അവതരിപ്പിക്കുന്നു

കേന്ദ്രകഥാപാത്രമായ ചാക്കുണ്ണിയുടെ ജീവിതാവസ്ഥയും മാനസികാവസ്ഥയും അഭിനയത്തിൽ നന്നായി പ്രതിഫലിച്ചിട്ടുണ്ടോ?

ലഘു ചർച്ച

ക്രോഡീകരണം

ചാക്കുണ്ണിയുടെ സവിശേഷതകൾ ക്രോഡീകരിക്കുന്നു.

ചർച്ചകൾ മുൻനിർത്തി പണയത്തിലെ ചാക്കുണ്ണി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുന്നു.

**പ്രവർത്തനക്കാർഡ് 6 എ**

| |
|---|
| ചാക്കുണ്ണി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. |

**പ്രവർത്തനം 7**

**ആഖ്യാനസവിശേഷതകൾ കണ്ടെത്താം**

**ശേഷികൾ/ധാരണകൾ**

- രചനകളിലെ പ്രയോഗ സവിശേഷതകൾ, ആഖ്യാനപരമായ സവിശേഷതകൾ എന്നിവ കണ്ടെത്തുന്നതിനും വിശകലനം ചെയ്ത് സ്വാഭിപ്രായങ്ങൾ സമർഥിക്കുന്നതിനും

**പ്രവർത്തനം**

കുഞ്ഞുണ്ണി മാഷുടെ കവിത ചാർട്ട് പ്രദർശിപ്പിക്കുന്നു.

*'പൂച്ച നല്ല പൂച്ച*
*വൃത്തിയുള്ള പൂച്ച പാല് വച്ച*
*പാത്രം വൃത്തിയാക്കി വച്ചു'*

കവിതയ്ക്ക് യോജിച്ച ഈണം കണ്ടെത്തി ചൊല്ലാൻ അവസരം നൽകുന്നു (വ്യക്തിഗതം )

ഏറ്റവും മികച്ച ഈണത്തിൽ  എല്ലാവരും ഒന്നിച്ച് താളമടിച്ച് ചൊല്ലുന്നു

കവിതയുടെ ആശയം കുറിക്കാൻ നിർദ്ദേശിക്കുന്നു.

പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു.

ഏതാനും പേർ അവതരിപ്പിക്കുന്നു.

പ്രധാനപ്പെട്ട ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

തുടർന്ന് വിശകലനച്ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

ആരെപ്പറ്റിയാണ് ഈ കവിതയിൽ പറയുന്നത്?
പൂച്ച എന്താണ് ചെയ്തത്?
ആദ്യ വരിയിലെ ''പൂച്ച നല്ല പൂച്ച'' എന്ന പ്രയോഗത്തിന്റെ സൂചന എന്താണ്?
പാലുവച്ച പാത്രം വൃത്തിയാക്കി വച്ചു എന്ന പ്രയോഗം നൽകുന്ന സൂചന എന്താണ്?

ആദ്യ വായനയിൽ വൃത്തിയുള്ള നല്ല സ്വഭാവമുള്ള പൂച്ചയാണ് എന്ന തോന്നലാണ് ഉണ്ടായതെങ്കിൽ പിന്നീട് പൂച്ചയുടെ പ്രവൃത്തികളെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും വ്യത്യസ്തമായ ചില കാഴ്ചപ്പാടുകളാണ് ഈ വിശകലനത്തിന്റെ ഭാഗമായി വെളിപ്പെടുന്നത് എന്ന് കാണാം.

തുടർന്ന് ചർച്ചയ്ക്കുള്ള  ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.

ഈ കവിത വാസ്തവത്തിൽ ഏതെങ്കിലും ഒരു പൂച്ചയെക്കുറിച്ചോ പൂച്ചകളെക്കുറിച്ചോ മാത്രമുള്ള സൂചനകളാണോ നൽകുന്നത്?

പൂച്ച ഇവിടെ ഒരു പ്രതീകമാണോ?

എങ്കിൽ എന്തിന്റെ? ആരുടെ?

പൊതു ചർച്ച.

ക്രോഡീകരണം.

മനുഷ്യസ്വഭാവത്തെയാണ് കവി പൂച്ചയെ പ്രതീകവൽക്കരിച്ച് അവതരിപ്പിക്കുന്നത്.

നല്ല എന്ന പദം ഇവിടെ വിപരീത അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

ഒരു പദത്തിന് സന്ദർഭോചിതമായി ഇത്തരത്തിൽ വിപരീതാർഥം വരുന്ന ജീവിത സന്ദർഭങ്ങൾ ധാരാളമുണ്ട്.

അത്തരത്തിലുള്ള ചില സന്ദർഭങ്ങളിലെ പ്രയോഗങ്ങൾ അവരുടെ അനുഭവത്തിൽ നിന്ന് ചൂണ്ടിക്കാണിക്കാൻ നിർദ്ദേശിക്കുന്നു.

വിരുദ്ധാർഥത്തിലുള്ള ഇത്തരം ചില പ്രയോഗങ്ങൾ നമ്മൾ പഠിച്ച ചില പാഠങ്ങളിൽ കാണാം.
കോഴിയും കിഴവിയും എന്ന കഥയിലെ അത്തരം ചില സന്ദർഭങ്ങൾ കണ്ടെത്തൂ.
കുട്ടികൾ കണ്ടെത്തുന്നു അവതരിപ്പിക്കുന്നു.

- കോഴിയെ കൊല്ലുമ്പോൾ വരേണ്ട കണ്ണീര് വായിൽ കൂടി വരുന്ന സന്ദർഭം.
- മർക്കോസിനെ മത്തായി സഹായിച്ചു തുടങ്ങി.

ഇത്തരത്തിൽ വിശകലന സ്വഭാവമുള്ള വാക്യങ്ങൾ കണ്ടെത്തി സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.
അവയിലെ നിരീക്ഷണങ്ങളുടെ സവിശേഷതകൾ ഓരോന്നും ചർച്ച ചെയ്യുന്നു.
പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.
കോഴിയും കിഴവിയും എന്ന കഥയിലെ ഇത്തരം വാക്യങ്ങളുടെ, ആഖ്യാനഭാഷയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

**പ്രവർത്തനക്കാർഡ് 7എ**

| |
|---|
| കോഴിയും കിഴവിയും എന്ന കഥയിലെ ആഖ്യാനഭാഷ യുടെ സവിശേഷതകൾ - കുറിപ്പ് തയ്യാറാക്കുക. |

## പ്രവർത്തനം 8

## വിവരണം തയാറാക്കാം

**ശേഷികൾ/ധാരണകൾ**

- ദൃക്സാക്ഷി വിവരണം, കവിത തുടങ്ങിയ വൈവിധ്യമാർന്ന വ്യവഹാര രൂപങ്ങളിലെ സവി ശേഷതകൾ കണ്ടെത്തി ആസ്വദിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും

**പ്രവർത്തനം**

വിവരണം തയ്യാറാക്കാം.
കുട്ടികൾക്ക് ആവേശം പകരുന്ന ഒരു ഫുട്ബോൾ മത്സരത്തിന്റെ വീഡിയോ പ്രദർശിപ്പിക്കുന്നു.
(മറഡോണയുടെ, CR7 ന്റെ ഗോളടി, ഹിഗ്വിറ്റയുടെ ഗോൾ സേവിങ് സ്കോർപിയൻ കിക്ക്).
അവർ കണ്ട കളി എത്രമാത്രം ആവേശകരമായിരുന്നു.
എന്തുകൊണ്ട്?
ചോദ്യം ഉന്നയിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു.

ബഞ്ചിലെ മറ്റു കൂട്ടുകാർ എഴുതിയത് വായിച്ചു നോക്കുന്നു.

സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

ഏറ്റവും മികച്ച രണ്ടുമൂന്നെണ്ണം അവതരിപ്പിക്കുന്നു.

അധ്യാപിക പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

തുടർന്ന് വീഡിയോ വീണ്ടും കാണിക്കുന്നതിനൊപ്പം കമന്ററി നടത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

എല്ലാവരും ഒരേസമയം ആ രംഗത്തിലേക്ക് നോക്കി ഉറക്കെ ആവേശകരമായി കമന്ററി പറയുന്നു.

തുടർന്ന് ഒരു ബെഞ്ച് ഗ്രൂപ്പിൽ നിന്ന് ഒരാൾക്ക് വീതം അവസരം നൽകുന്നു.

ഓരോരുത്തരും കളിയുടെ ചടുലതയും കളിക്കാരുടെ അസാധാരണമായ നീക്കങ്ങളും ഗോളിന്റെ/ ഗോൾ സേവിംഗ് സവിശേഷതകളും ആവേശവും ചോർന്നുപോകാതെ അവതരിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത് ഉപയോഗിച്ച പദങ്ങൾ ബോർഡിൽ കുറിക്കുന്നു.

പ്രസിദ്ധമായ ഒരു കളി വിവരണം ദൃശ്യത്തോടൊപ്പം പ്രദർശിപ്പിക്കുന്നു.

കളിയുടെ അതിരില്ലാത്ത ആവേശം ചോർന്നു പോകാതെ കേൾവിക്കാരിലെത്തിക്കാൻ അദ്ദേഹം തിരഞ്ഞെടുത്ത് ഉപയോഗിച്ച പദങ്ങൾ ഏതെല്ലാം?

അതിനു വേണ്ടി അദ്ദേഹം സ്വീകരിച്ച വാക്യഘടനയുടെ സവിശേഷത എന്തെല്ലാം?

കുട്ടികൾ കണ്ടെത്തിക്കുറിക്കുന്നു.

ബെഞ്ച് ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.

എഴുതിത്തയ്യാറാക്കുന്നു.

ബെഞ്ച് ഗ്രൂപ്പുകൾ കൈമാറി വായിക്കുന്നു.

വിലയിരുത്തുന്നു.

മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പരസ്പരം നൽകുന്നു.

ഇത്തരം സന്ദർഭങ്ങളിൽ ഗ്രൂപ്പിൽ ഇടപെടാനും ചർച്ചകളിൽ അഭിപ്രായം പറയാനും പ്രയാസപ്പെടുന്ന കുട്ടികൾക്ക് അധ്യാപിക പ്രത്യേക പിന്തുണ നൽകണം.

അവർക്ക് എന്തെങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കാനെങ്കിലും കഴിയുന്ന വിധത്തിൽ ലഘു ചോദ്യങ്ങളിലൂടെ ആശയ രൂപീകരണം നടത്താൻ സഹായിക്കണം.

തുടർന്ന് ഓണമുറ്റത്ത് എന്ന കവിതയിൽ മാവേലി മന്നനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന ഭാഗം 5 ഗ്രൂപ്പുകൾക്ക് നൽകുന്നു. ഗ്രൂപ്പുകൾക്ക് പ്രസ്തുത ഭാഗം ആകർഷകമായ, ആവേശം പകരുന്ന ദൃക്സാക്ഷിവിവരണം പോലെ തയ്യാറാക്കാൻ നിർദ്ദേശം നൽകുന്നു.

ഓരോ ഗ്രൂപ്പും ചർച്ച ചെയ്ത് ദൃക്സാക്ഷി വിവരണമാക്കി എഴുതുന്നു.

എഴുതി തയ്യാറാക്കുന്നതിനിടയിൽ കുട്ടികൾ എഴുതുന്ന വാക്കുകളിലെ/വാക്യങ്ങളിലെ പരിമിതികൾ /പോരായ്മകൾ തിരുത്തുന്നതിന് സഹായിക്കുന്ന സൂചനകൾ/ഇടപെടലുകൾ ടീച്ചർ നടത്തുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

കവിതയുടെ മൊത്തം ആശയതലം ചോർന്നു പോകാതെ അവതരിപ്പിക്കുവാൻ ശ്രദ്ധിക്കണം.

അതിനാവശ്യമായ ഇടപെടലുകൾ ഗ്രൂപ്പിൽ നടത്തണം.

ദൃക്സാക്ഷി വിവരണ രീതിയിലുള്ള അവതരണത്തിലൂടെ കവിതയുടെ പ്രധാന ആശയങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പാക്കണം.

**തുടർപ്രവർത്തനം**

**പ്രവർത്തനക്കാർഡ് 8 എ**

| |
|---|
| ഓണം കവിമനസ്സിൽ സൃഷ്ടിക്കുന്ന അതിരറ്റ ആവേശവും ആഹ്ലാദവും കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ? കുറിപ്പ് തയ്യാറാക്കുക |

## പ്രവർത്തനം 9

## സംഭാഷണം രചിക്കാം, അനുഭവക്കുറിപ്പ് എഴുതാം

**ശേഷികൾ/ധാരണകൾ**

- വിവിധ രചനകൾ വിശകലനം ചെയ്ത് മനസിലാക്കിയ പ്രധാന സംഭവങ്ങൾ, സന്ദർഭങ്ങൾ, അനുഭവങ്ങൾ എന്നിവ അനുയോജ്യമായ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുവാൻ.

**പ്രവർത്തനം**

കുട്ടികളോട് ക്ലാസ്സ് മുറിയിലൂടെ നടക്കുവാൻ ആവശ്യപ്പെടുന്നു.
അധ്യാപിക പറയുന്നത് ശ്രദ്ധിച്ച് കേട്ട് നടക്കുക.
നിർദേശങ്ങൾക്കനുസരിച്ചാകണം നടത്തവും ഭാവചലനങ്ങളും
പരസ്പരം കൂട്ടിമുട്ടരുത്.

| |
|---|
| ശ്രദ്ധിക്കേണ്ടത്: അധ്യാപിക ഓരോന്നു പറയുമ്പോഴും കുട്ടികൾക്ക് ഒരു അവസ്ഥയിൽ നിന്നു മറ്റൊന്നിലേക്കു മാറാനുള്ള സമയം ഉണ്ടായിരിക്കണം. ഒരു പ്രത്യേക സന്ദർഭത്തോട് ഓരോരുത്തരും പ്രതികരിക്കുന്നത് ഓരോ രീതിയിലായിരിക്കുമെന്ന് ഈ കളി ശ്രദ്ധിക്കു മ്പോൾ മനസ്സിലാവും. ഭാവന, ഏകാഗ്രത, നിരീക്ഷണപാടവം എന്നിവ ഈ കളിയിലൂടെ പരിപോഷിപ്പിക്കപ്പെടുന്നു. |

- ഇപ്പോൾ നമ്മൾ നടക്കുന്ന ഇടം വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതായി സങ്കല്പിക്കുക. 'നിങ്ങൾ വെള്ളത്തിലൂടെ നടക്കുകയാണ്.
- 'ഇപ്പോൾ അവിടെ വെള്ളമില്ല.
  പകരം ചെളി നിറഞ്ഞിരിക്കുന്നു.
  ഇപ്പോൾ ചെളിയിലാണ് നടക്കുന്നത്
- ഇപ്പോൾ അവിടം മുഴുവൻ പഞ്ഞി നിറഞ്ഞിരിക്കുന്നു.
  പഞ്ഞിയുടെ പതുപതുപ്പിലൂടെ നിങ്ങൾ നടക്കുകയാണ്.
- ഇപ്പോൾ നിങ്ങൾ നടക്കുന്ന ദിശക്കെതിരെ കാറ്റടിക്കുകയാണ്.
  ശക്തമായ 'കാറ്റിലൂടെ നിങ്ങൾ നടക്കുന്നു.'
  കാറ്റടങ്ങി.

- ഇപ്പോൾ നിങ്ങൾ ഒരു പാട്ട് കേൾക്കുന്നുണ്ട്....

(ഓണമുറ്റത്ത് എന്ന കവിതയുടെ ഓഡിയോ – ആദ്യഭാഗം കേൾപ്പിക്കുക

നിങ്ങൾ ഒരു അവ്യക്തരൂപം കാണുകയാണ്.

ആരാണത്.

'മഹാബലി ചക്രവർത്തി'

നിങ്ങൾ ഒച്ചയില്ലാതെ പറയുന്നു.

'മഹാബലി ചക്രവർത്തി.....'

മാവേലിയെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്നത് ആരെല്ലാമാണ്?

അവരെ കവി എങ്ങനെയെല്ലാമാണ് അവതരിപ്പിച്ചിരിക്കുന്നത്?

കുട്ടികൾ പ്രതികരിക്കുന്നു.

ദാ... നിങ്ങളൊരു ആർപ്പുവിളികേൾക്കുന്നില്ലെ...

നിങ്ങളുമൊന്ന് ആർപ്പുവിളിച്ചുനോക്കൂ...

ശ്....ശ്....ശ്....

ശ്രദ്ധിക്കൂ...

ആരാണ് അവിടെ പുള്ളുവവീണമീട്ടി പാടുന്നത്.

ഓണമുറ്റത്ത് എന്ന കവിതയിൽ ഏതൊക്കെ കഥാപാത്രങ്ങളാണ് ഉള്ളത്?

അവർ എന്തൊക്കെയോ പറയുന്നുണ്ടല്ലോ...

ചെയ്ത പ്രവർത്തനത്തെക്കുറിച്ച് കുട്ടികളോട് ചോദിക്കുന്നു.

ഓരോ കുട്ടിയും പറയട്ടെ.

കുട്ടികൾ മഹാബലിയെക്കുറിച്ചും പൂക്കളെക്കുറിച്ചും കവിതയെക്കുറിച്ചും സംസാരിക്കട്ടെ....

അത് കുട്ടിയും മഹാബലിയും തമ്മിലുള്ള സംഭാഷണ രൂപത്തിലേക്ക് മാറ്റി എഴുതാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

**സംഭാഷണ രചന:**

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- കാവ്യസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്
- മഹാബലിയെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സംഭാഷണത്തിന് ഒഴുക്കും സ്വാഭാവികതയുമുണ്ട്.
- ഉചിതമായ പദങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിച്ചിട്ടുണ്ട്.

സംഭാഷണം തയാറാക്കൂ.

കുട്ടികൾ സംഭാഷണം രചിക്കുന്നു.

സ്വയം വായിച്ച് മെച്ചപ്പെടുത്തുന്നു.

പരസ്പരം കൈമാറി വായിക്കുന്നു.

നിർദേശങ്ങൾ പങ്കുവയ്ക്കുന്നു.

മെച്ചപ്പെടുത്തി എഴുതുന്നു.

അധ്യാപികയുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്തുന്നു.

സംഭാഷണം അവതരിപ്പിക്കുവാനുള്ള അവസരം കുറച്ചു കുട്ടികൾക്ക് നൽകുന്നു.

'ഓണമുറ്റത്ത്' വായനാനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ഓണക്കാല ഓർമ്മകളുമായി ബന്ധപ്പെട്ട് ഒരു അനുഭവക്കുറിപ്പ് തയാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

ആവശ്യമായ നിർദേശങ്ങൾ നൽകുന്നു.

പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

**അനുഭവക്കുറിപ്പ്**

- കണ്ടും കേട്ടും അനുഭവിച്ച കാര്യങ്ങൾ ഓർമിക്കുന്നു
- അനുഭവങ്ങളുടെ പ്രതിഫലനങ്ങളെ സ്വാഭാവിക ഭാഷയിൽ ആവിഷ്കരിക്കുന്നു.
- വാക്യഘടന പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതണം
- അനുഭവങ്ങളുടെ വൈകാരികാംശം ചോർന്നു പോകാതെ അവതരിപ്പിക്കുന്നു.

കുട്ടികൾ അനുഭവക്കുറിപ്പ് തയാറാക്കുന്നു.

**പ്രവർത്തനക്കാർഡ് 9 ബി**

| |
|---|
| അനുഭവക്കുറിപ്പ് തയാറാക്കൂ. |

സ്വയം വായിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നു.

പരസ്പരം വായിച്ച് വിലയിരുത്തുന്നു. എഡിറ്റ് ചെയ്യുന്നു.

ഗ്രൂപ്പുകളിൽ അവതരിപ്പിക്കുന്നു.

അധ്യാപികയുടെ സഹായത്തോടെ കുറിപ്പ് മെച്ചപ്പെടുത്തുന്നു.

പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

## പ്രവർത്തനം 10

## മുഖപ്രസംഗം തയാറാക്കാം

**ശേഷികൾ/ധാരണകൾ**

- പത്രനീതി എന്ന പാഠഭാഗത്തിന്റെ ആശയം ഗ്രഹിക്കുന്നതിന്
- കാലികപ്രസക്തിയുള്ള വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച നിലപാടുകൾ, അഭിപ്രായങ്ങൾ എന്നിവ സോദാഹരണം സമർപ്പിച്ച് മുഖപ്രസംഗം തയാറാക്കുന്നതിന്

**പ്രവർത്തനം**

കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർധിക്കുന്നത് സംബന്ധിച്ച പത്രവാർത്തകൾ ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ടീച്ചർ കാണിക്കുന്നു/പത്രവാർത്തയുടെ കോപ്പികൾ വിദ്യാർഥികൾക്ക് നൽകുന്നു.

ഈ വാർത്ത എന്തിനെക്കുറിച്ചുള്ളതാണ്?

വാർത്തയിൽ അവതരിപ്പിച്ചിരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ എന്തൊക്കെയാണ്?

ഈ വാർത്തയിലൂടെ പത്രം നിർവഹിക്കുന്ന സാമൂഹികധർമ്മം എന്താണ്?

തുടങ്ങിയ ചോദ്യങ്ങൾ ഓരോന്നായി ടീച്ചർ ഉന്നയിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

പത്രദൃശ്യമാധ്യമങ്ങളെക്കൊണ്ട് നമുക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

കുട്ടികൾ വ്യക്തഗതമായി കുറിക്കുന്നു. അവതരിപ്പിക്കുന്നു.

പ്രധാനാശയങ്ങൾ ബോർഡിൽ കുറിക്കുന്നു

ക്രോഡീകരണം

- അനുനിമിഷം ലോകത്തുണ്ടാകുന്ന വാർത്തകൾ, വിവരങ്ങൾ വായനക്കാരിലേക്ക് എത്തിക്കുന്നു.
- വർത്തമാനകാലവുമായി നമ്മെ ബന്ധിപ്പിക്കുന്നു.
- വായനാശീലം വളർത്തുന്നു.
- സമൂഹത്തിലെ നന്മതിന്മകളെക്കുറിച്ച് തിരിച്ചറിവ് നൽകുന്നു.
- ജനമനസ്സുകളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനം വളരെ വലുതാണ്.
- ജനാധിപത്യത്തിന്റെ നാലാംതൂണ് എന്ന് പത്രമാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെട്ടു.
- ജനാധിപത്യത്തിന്റെ സംരക്ഷണത്തിലും പോഷണത്തിലും പത്രമാധ്യമങ്ങൾക്ക് നിസ്തുലമായ പങ്കുണ്ട്.
- മാനവിക മൂല്യങ്ങൾ വളർത്തുന്നു
- 
- 

തുടർന്ന് ഡോ. സുകുമാർ അഴീക്കോടിന്റെ 'പത്രനീതി' എന്ന പാഠഭാഗത്തിലെ അഞ്ചുനിരീക്ഷണങ്ങൾ നറുക്കായി എഴുതി ഓരോന്നുവീതം നൽകുന്നു.

- സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കാൻ കൊള്ളുകയുമില്ല.
- പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.
- പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നുവെന്നതാണ്.
- നല്ല പത്രം വായിക്കാമെന്ന് വച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു.

ഓരോ വാക്യവും ലഭിച്ചവർ അതിന്റെ പൊരുൾ നോട്ടുപുസ്തകത്തിൽ കുറിക്കുന്നു. ഒരേ വാക്യം ലഭിച്ചവർ ഗ്രൂപ്പാകാൻ നിർദേശിക്കുന്നു.

എഴുതിയത് ഗ്രൂപ്പിൽ കൈമാറി വായിക്കുന്നു.

ഓരോ വാക്യത്തിന്റെയും ആശയം സൂക്ഷ്മതലത്തിൽ വിശകലനം ചെയ്യുന്നതിനുള്ള ചോദ്യങ്ങൾ അധ്യാപിക ചോദിക്കുന്നു.

- പത്രമാധ്യമങ്ങളെ ലേഖകൻ ഇങ്ങനെ വിമർശിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാകും?
- ഈ വാക്യങ്ങളിൽ തെളിയുന്ന വിമർശനം ഇക്കാലത്തെ പത്രദൃശ്യമാധ്യമങ്ങൾക്കെല്ലാം ബാധമാകമാണോ?

ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു (വ്യക്തിപരം)

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

പരസ്പരം നിർദേശങ്ങളിലൂടെ മെച്ചപ്പെടുത്തുന്നു.

പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ചർച്ച

മികച്ചവ കണ്ടെത്തുന്നു

വിലയിരുത്തൽ സൂചകങ്ങൾ

- പത്രമാധ്യമരംഗത്തെ മൂല്യച്യുതികൾ കണ്ടെത്തിയിട്ടുണ്ട്
- വിശകലനം ചെയ്തിട്ടുണ്ട്
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്
- ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട്.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പുകൾ മെച്ചപ്പെടുത്തുന്നു

ഡോ. സുകുമാർ അഴിക്കോട് 'പത്രങ്ങൾ ഏതുപക്ഷത്ത്' (ടീച്ചർ ടെക്സ്റ്റ്) എന്ന ലേഖനമെഴുതിയതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും?

ചോദ്യം ഉന്നയിക്കുന്നു

കുട്ടികൾ സ്വന്തം നിഗമനങ്ങൾ കുറിക്കുന്നു. (വ്യക്തിഗതം)

തുടർന്ന് ബഞ്ച് ഗ്രൂപ്പിൽ ചർച്ച – അവതരണം

പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു

ക്രോഡീകരണം

- പത്രങ്ങൾ അവയുടെ യഥാർഥ ലക്ഷ്യങ്ങളിൽ നിന്നും എത്രത്തോളം അകന്നിരിക്കുന്നുവെന്ന് സമൂഹത്തെയും പത്രങ്ങളെയും ബോധ്യപ്പെടുത്താൻ.
- സത്യവും ധർമവും നീതിയും വീണ്ടെടുക്കാൻ പത്രങ്ങളെ പ്രേരിപ്പിക്കാൻ.
- അച്ചടിച്ചതെല്ലാം സത്യമാണെന്നു വിശ്വസിക്കുന്നവർക്ക് പത്രങ്ങളുടെ മൂല്യച്യുതിയെക്കുറിച്ച് തിരിച്ചറിവ് നൽകാൻ.
- പത്രങ്ങൾ ഏത് പക്ഷത്താണ് നിൽക്കേണ്ടതെന്ന് ഉറപ്പിക്കാൻ.
- ജനാധിപത്യത്തിലെ നാലാമത്തെ ശക്തി എന്ന നിലയ്ക്ക് ജനാധിപത്യ സംരക്ഷണത്തിനും പരിപോഷണത്തിനുമുള്ള ജാഗ്രത വായനക്കാരിലും പത്രക്കാരിലും ഉണർത്താൻ.
- മാധ്യമങ്ങളുടെ യഥാർഥസ്വഭാവം തിരിച്ചറിയാൻ വായനക്കാരെ പ്രാപ്തരാക്കാനും അവരിൽ വിമർശനാത്മക ചിന്ത വളർത്താനും.
- യഥാർഥ മാധ്യമധർമത്തിന്റെ അഭാവം പൊതുജീവിതത്തിൽ വരുത്തുന്ന അപകടകരമായ പ്രവണതകൾ തിരിച്ചറിയാൻ.
- സമൂഹത്തെ ബോധവൽക്കരിക്കുകയാണ് പത്രങ്ങളുടെ ലക്ഷ്യം എന്ന് ബോധ്യപ്പെടുത്താൻ.
- പണവും സ്വാധീനവുമുള്ളവന് എന്തും എഴുതി പിടിപ്പിക്കാവുന്ന കടലാസുകഷണമായി പത്രങ്ങൾ അധഃപതിച്ചിരിക്കുന്നു എന്ന തിരിച്ചറിവു നൽകാൻ.

'ലഹരിക്കെതിരെ ജാഗ്രത പുലർത്തുവാൻ' ആഹ്വാനം ചെയ്യുന്ന പത്രത്തിലെ ഒരു മുഖപ്രസംഗം 5 ഗ്രൂപ്പുകൾക്കു നൽകുന്നു.

വിശകലനച്ചോദ്യങ്ങളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

അവതരിപ്പിച്ചിരിക്കുന്ന പ്രശ്നം/വിഷയം എന്ത്?

വിഷയം അവതരിപ്പിച്ചതിന്റെ തുടക്കം, വളർച്ച, ഒടുക്കം എന്നിവ സംബന്ധിച്ച് എന്തൊക്കെ പ്രത്യേകതകൾ കാണാൻ കഴിയും?

പത്രാധിപരുടെ നിലപാട്/അഭിപ്രായം വ്യക്തമാകുന്നുണ്ടോ?

ശീർഷകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

മുഖപ്രസംഗത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെ?

ഓരോ ഗ്രൂപ്പും ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ മുഖപ്രസംഗങ്ങൾ വിശകലനം ചെയ്യുന്നു. ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു. പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

ക്രോഡീകരിക്കേണ്ടത്

**മുഖപ്രസംഗത്തിന്റെ സവിശേതകൾ**

- സമൂഹത്തിന്റെ സജീവശ്രദ്ധ പതിയേണ്ട വിഷയം
- വിഷയം/പ്രശ്നം വിശദാംശങ്ങൾ സംക്ഷിപ്തതയോടെ അവതരിപ്പിക്കണം
- പത്രത്തിന്റെ നിലപാട്, വീക്ഷണം പരിഹാരനിർദേശങ്ങൾ/പ്രതികരിക്കാനുള്ള മാതൃകകൾ/ജീവിതത്തിൽ പകർത്താനുള്ള ആഹ്വാനങ്ങൾ എന്നിവ ഉണ്ടാകണം
- ഉചിതമായ ശീർഷകം
- വ്യക്തവും ശക്തവുമായ ഭാഷ

തുടർപ്രവർത്തനം: 'മാധ്യമങ്ങളുടെ സാമൂഹിക ദൗത്യം' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക.

**പ്രവർത്തനക്കാർഡ് 10 എ**

| |
|---|
| മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക |

## പ്രവർത്തനം 11

## ഉപന്യാസം തയാറാക്കാം

**ശേഷികൾ/ധാരണകൾ**

- ലളിതമായും സമഗ്രമായും ഭാഷ ഉപയോഗിക്കുന്നതിന്.
- സമകാലിക പ്രസക്തിയുള്ള വിഷയവുമായി ബന്ധപ്പെട്ട് വേണ്ടത്ര ആശയങ്ങൾ ഉൾക്കൊള്ളിച്ച് വ്യക്തതയോടെ ഉപന്യാസം തയാറാക്കുന്നതിന്
- അന്ധവിശ്വാസങ്ങൾക്കെതിരെ പ്രതികരിക്കുന്നതിന്'

**പ്രവർത്തനക്രമം**

പ്രശസ്ത ഗാനരചയിതാവും ഗായകനുമായ ജിതേഷ് കക്കിടിപ്പുറത്തിന്റെ പാലോം പാലോം എന്ന ഗാനം കേൾപ്പിക്കുന്നു.

പാലോം പാലോം നല്ല നടപ്പാലം
അപ്പന്റെ കയ്യും പിടിച്ചു നടക്കണ നേരം
ആയോരു പാലത്തിന്റെ തൂണേൽ നിന്നും
പൊന്നോ എന്നൊരു വിളിയും കേട്ടു

എന്താണപ്പാ ഒരു വിളിയും കേട്ടേ
ഏന്റമ്മ വിളിക്കണൊരൊച്ച പോലെ
ഏന്റമ്മ മണ്ണോട് മണ്ണായെന്ന്
അപ്പൻ തന്നല്ലേ പറയാറൊള്ള്

ആയ കഥ കേട്ട് കരയരുതേ പൊന്നോ
ആയ കഥ ഞാന് ചൊല്ലിത്തരാം
അന്നൊരു വറുതിമാസം കള്ളക്കറുക്കിടകം
തിന്നാനും കുടിക്കാനും ഇല്ലാത്ത കാലം

നീയന്ന് നീന്തിനടക്കണ കാലം
അടിവച്ചു വീണ് കരയണപ്രായം
വറുതിക്ക് തീർപ്പ് കൽപ്പിച്ചു തമ്പ്രാൻ
ഉണ്ണീടമ്മേനെ കരു നിറുത്താൻ

എന്തിനാണമ്മേനെ കരു നിറുത്തി
പകരത്തിനപ്പനെന്തേ പോവാഞ്ഞത്?
മാറത്തുന്നന്നെന്നെ അടർത്ത്യെടുത്ത്
എന്തിനാണമ്മ കരുവായത്?

പെണ്ണിന്റെ ചോര വീണാലത്രേ
പാലത്തിൻ തൂണ് ഒറയ്ക്കൊള്ളൂന്ന്
തമ്പ്രാന്റെ വാക്കിന് എതിർവാക്കില്ല
ഏന്റെ കിടാത്ത്യോളെ കൊണ്ടുംപോയി
അന്റമ്മ മണ്ണോടു മണ്ണുമായി

(ജിതേഷ് കക്കിടിപ്പുറം)

ഈ ഗാനത്തിന്റെ ആശയം ഒന്നോ രണ്ടോ വാക്യത്തിൽ കുറിക്കുക.

വ്യക്തിഗതമായി കുറിക്കുന്നു,

പരസ്പരം കൈമാറി വിലയിരുത്തി മെച്ചപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു

തുടർന്ന് ഗാനം വിശകലനം ചെയ്യുന്നതിനുള്ള ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

- കുട്ടിക്ക് അമ്മയെ നഷ്ടപ്പെട്ടത് എങ്ങനെയാണ് ?

- ശൈശവത്തിന്റെ പ്രത്യേകതകൾ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്?
- അപ്പൻ തമ്പ്രാന്റെ കൽപ്പനയ്ക്ക് മുന്നിൽ നിസ്സഹായനായി പോയത് എന്തുകൊണ്ടാവും?

അക്കാലത്തെ സാമൂഹിക ജീവിതാവസ്ഥയെ കുറിച്ച് ഈ കവിതയിൽ നിന്ന് വ്യക്തമാകുന്നത് എന്തെല്ലാം?

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു പൊതു ചർച്ച.

ക്രോഡീകരണം

പെണ്ണിന്റെ ചോര വീഴ്ത്തിയാൽ മാത്രമേ പാലം ഉറപ്പോടെ നിലനിൽക്കുകയുള്ളൂ എന്ന അന്ധവിശ്വാസത്തിന്റെ ഇരയാണ് ഇവിടെ കുട്ടിയുടെ അമ്മ.

ഇക്കാലത്തും ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? കുട്ടികൾ പ്രതികരിക്കുന്നു.

അന്ധവിശ്വാസങ്ങൾക്കെതിരെ ശബ്ദമുയർത്തിയ സാമൂഹിക പരിഷ്കർത്താക്കളെ ഓർമ്മയുണ്ടോ?

കുട്ടികൾ പ്രതികരിക്കുന്നു.

ടീച്ചർ ഒരു സ്ലൈഡ് കാണിക്കുന്നു.

> 'സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന മൂഢാചാരപാരമ്പര്യത്തെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹിക ജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപ്പതിഷ്ണു'
>
> ശ്രീനാരായണഗുരുവിനെക്കുറിച്ച് -കുറ്റിപ്പുഴ കൃഷ്ണ

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

- ലേഖകൻ ഈ വാക്യങ്ങളിൽ അവതരിപ്പിക്കുന്നത് ആരെയാണ് ?
- ശ്രീനാരായണഗുരു തകർത്ത മൂഢാചാരാപാരമ്പര്യവും അന്ധവിശ്വാസങ്ങളും ഏതെല്ലാം ?
- ശ്രീനാരായണഗുരുവിനെ വിപ്ലവകാരി എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടാവും ?
- ആധുനിക കേരളശില്പിയായ ഗുരുവിന്റെ വചനങ്ങൾക്ക് ഇക്കാലത്തുള്ള പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുക.

പൊതു ചർച്ച

ക്രോഡീകരണം.

ചർച്ചകൾ മുൻനിർത്തി 'അന്ധവിശ്വാസങ്ങൾക്കെതിരായ പോരാട്ടവും ശ്രീനാരായണ ദർശനങ്ങളും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

ഉപന്യാസം തയ്യാറാക്കുന്നതിനെ കുറിച്ച് ബെഞ്ച് ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.

വിഷയത്തിന്റെ പൊരുൾ, വിഷയവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ, ഉപാശയങ്ങൾ, ആശയങ്ങൾ ഖണ്ഡികകളായി ക്രമീകരിക്കേണ്ട വിധം, ഉപന്യാസത്തിന്റെ തുടക്കം, ഒടുക്കം, അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ട സമകാലിക പ്രശ്നങ്ങൾ, പ്രസക്തമായ ഗുരുദേവ ദർശനങ്ങൾ, സ്വന്തം അഭിപ്രായം സമർപ്പിക്കുന്നതിനുള്ള ഉദാഹരണങ്ങൾ തെളിവുകൾ എന്നിവയെല്ലാം ചർച്ചയിലൂടെ കൃത്യപ്പെടുത്തുന്നു.

വ്യക്തിഗതമായി ഉപന്യാസം രചിക്കുന്നു.

ഗ്രൂപ്പിൽ കൈമാറി വിലയിരുത്തുന്നു.

ആശയതലത്തിലും അക്ഷരപദവാക്യതലത്തിലും ഉള്ള പോരായ്മകൾ പരിഹരിക്കുന്നു. മെച്ചപ്പെടുത്തുന്നു.

മികച്ച മൂന്നോ നാലോ എണ്ണം വായിച്ച് അവതരിപ്പിക്കുന്നു.

സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു.

ഉപന്യാസം തയാറാക്കുന്നതെങ്ങനെ?

- വിഷയവുമായി ബന്ധപ്പെട്ട് പരമാവധി ആശയം ഉൾക്കൊള്ളണം
- വിഷയത്തിന്റെ സമകാലിക പ്രസക്തി തിരിച്ചറിയണം
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവ്വം അവതരിപ്പിക്കണം

**പ്രവർത്തനക്കാർഡ് 11 എ**

ഉപന്യാസം തയാറാക്കുക.

കുട്ടികൾ ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയാറാക്കുന്നു. (വ്യക്തിപരം)

പരസ്പരം വായിച്ച് മെച്ചപ്പെടുത്തുന്നു.

പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ടീച്ചറിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തി മികച്ച ഉപന്യാസം തയാറാക്കുന്നു.

**പ്രവർത്തനം 12**

**ചുരുക്കി എഴുതാം പഠിക്കാം**

**ധാരണകൾ/ശേഷികൾ**

ആശയങ്ങൾ ചുരുക്കിയും വിപുലീകരിച്ചും എഴുതി അവതരിപ്പിക്കുന്നതിനെപ്പറ്റി ധാരണ നേടുന്നു.

പ്രവർത്തനം

പ്രശസ്തമായ വചനങ്ങൾ ഓരോന്ന് വീതം എഴുതിയ സ്ലിപ്പുകൾ കുട്ടികൾക്ക് നൽകുന്നു.

- മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി.
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
- വിവേകം താനേ വരില്ല; യത്നിക്കണം, ധാരാളം വായിക്കണം.
- ജാതിഭേദം മതദ്വേഷ-
  മേതുമില്ലാതെ സർവ്വരും
  സോദരത്വേന വാഴുന്ന
  മാതൃകാസ്ഥാനമാണിത്
- ശീലിച്ചാൽ ഒന്നും പ്രയാസം ഇല്ലാ, തീയിലും നടക്കാം.

(ഒരേ ബെഞ്ചിലെ കുട്ടികൾക്ക് വ്യത്യസ്തമായവ നൽകണം.)

ഓരോരുത്തരും തങ്ങൾക്ക് ലഭിച്ച ഗുരുവചനത്തിന്റെ പൊരുൾ രണ്ടോ മൂന്നോ വാക്യത്തിൽ കുറിക്കുന്നു.

തുടർന്ന് ഒരേ വചനം ലഭിച്ചവർ ഗ്രൂപ്പ് ആകുന്നു.

എഴുതിയവ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഏറ്റവും മികച്ച രചനകൾ കണ്ടെത്തുന്നു.

(പരസ്പരം കൈമാറി വായിക്കുമ്പോൾ ആശയതലത്തിലും വാക്യതലത്തിലും പദതലത്തിലും അക്ഷരതലത്തിലും ഉള്ള പോരായ്മകൾ പരസ്പരം പരിഹരിക്കണം.

സംശയമുള്ളവ അധ്യാപികയോട് ചോദിച്ചു തിരുത്തണം)

ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച ഗുരുദേവദർശനത്തിന്റെ സമകാലിക പ്രസക്തി കൂടി അവതരിപ്പിക്കണം.

അവതരണം

ഓരോ വചനത്തിന്റെയും പൊരുളും സമകാലിക പ്രസക്തിയും ചർച്ച ചെയ്യുന്നു.

ഓരോ ഗ്രൂപ്പും പാഠഭാഗം കൂടി അടിസ്ഥാനമാക്കി ശ്രീനാരായണവചനങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണ് എന്ന് കുറിക്കുന്നു.

അവർക്ക് ലഭിച്ച വാക്യവുമായി ബന്ധിപ്പിച്ച് സമർഥിക്കുന്നു.

- സർവ്വലൗകികത്വം
- ലളിതമായ ഭാഷ
- ഗഹനമായ ജീവിതദർശനം ചെറുവാക്യങ്ങളിൽ അവതരിപ്പിക്കുന്നു.
- സൂത്രവാക്യസദൃശമായ അർഥഗാംഭീര്യം
- കുറിക്കുകൊള്ളുന്ന ശൈലി, ആകർഷകത്വം
- മുദ്രാവാക്യം പോലെ കേൾക്കുന്നവന്റെ ഉള്ളിൽ മുഴങ്ങുന്ന ശൈലി)

ഇത്തരത്തിൽ ആശയങ്ങൾ അർഥസമ്പുഷ്ടമായും ആകർഷകമായും ചുരുക്കി അവതരിപ്പിക്കാനുള്ള ശേഷി നമുക്കെല്ലാം ഉണ്ടാവണം.

> പരീക്ഷകൾക്ക് സമയബന്ധിതമായി ഉത്തരം എഴുതി പൂർത്തിയാക്കാൻ കഴിയാത്തത് ആശയങ്ങൾ ചുരുക്കി അവതരിപ്പിക്കുന്നതിലുള്ള കുട്ടികളുടെ ധാരണക്കുറവു കൊണ്ടാണ്. അതിനാൽ ഈ പ്രവർത്തനം ഓരോന്നും സമയബന്ധിതമായി എഴുതി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തണം

നമ്മൾ പഠിച്ച 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്തെ പ്രധാനാശയം ഒരു വാക്യത്തിൽ കുറിക്കുക.
ഓരോരുത്തരും കുറിക്കുന്നു.
ബെഞ്ച്ഗ്രൂപ്പിൽ കൈമാറി മികച്ചത് കണ്ടെത്തുന്നു.
ചർച്ചചെയ്ത് എല്ലാവരുടെയും വാക്യം പാഠഭാഗത്തിന്റെ പ്രധാനാശയം ഉൾക്കൊള്ളുന്ന വിധത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു.
അക്ഷരപദവാക്യതലങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നു.
ഓരോ ഗ്രൂപ്പിൽ നിന്നും മികച്ചത് അവതരിപ്പിക്കുന്നു.
അധ്യാപകൻ ബോർഡിൽ കുറിക്കുന്നു.
പാഠഭാഗത്തിന്റെ ആശയം ഏറ്റവും കൃത്യതയോടെ ആകർഷകമായി അവതരിപ്പിച്ച വാക്യം ഏത് എന്ന് കണ്ടെത്താൻ നിർദ്ദേശിക്കുന്നു.
ആ വാക്യം ഇനി മെച്ചപ്പെടുത്തേണ്ടത് എങ്ങനെ എന്ന ചോദ്യം ഉന്നയിക്കുന്നു.
കുട്ടികൾ പ്രതികരിക്കുന്നു മെച്ചപ്പെടുത്തുന്നു.
വാക്യങ്ങൾ എല്ലാ കുട്ടികളും ബോർഡ് നോക്കി എഴുതിയെടുക്കുന്നു.

> ലേഖനത്തിലെ പ്രധാന ആശയങ്ങൾ കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കുന്ന വിധത്തിൽ ഓരോ വാക്യത്തിന്റെയും ആശയം വിശദമാക്കാൻ അവസരം നൽകുന്നു.

തുടർന്ന് കൊച്ചുചക്കരച്ചിയിലെ ആശയം നാലോ അഞ്ചോ വാക്യത്തിൽ കുറിക്കാൻ നിർദേശിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു.
ഗ്രൂപ്പിൽ കൈമാറി വായിക്കുന്നു.
സ്വന്തം രചനകൾ അക്ഷര-പദ-വാക്യ-തലത്തിലും മെച്ചപ്പെടുത്തുന്നു.
മികച്ചവ അവതരിപ്പിക്കുന്നു.
അടിസ്ഥാന പാഠാവലിയിലെ ശേഷിച്ച 9 പാഠങ്ങളുടെ പേരുകൾ എഴുതിയ സ്ലിപ്പുകൾ നൽകി കുട്ടികളെ മൂന്ന്, നാല് പേർ വീതമുള്ള 9 ഗ്രൂപ്പുകളായി തിരിക്കുന്നു.
ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച പാഠത്തിന്റെ പ്രധാന ആശയം ആകർഷകവും ശക്തവുമായ ഒറ്റവാക്യത്തിൽ കുറിക്കട്ടെ.
ഗ്രൂപ്പുകൾ കൈമാറി വിലയിരുത്തുന്നു.

മെച്ചപ്പെടുത്തുന്നു.

ഓരോ ഗ്രൂപ്പും വാക്യങ്ങൾ അവതരിപ്പിക്കുന്നു.

ആ വാക്യങ്ങൾ എന്തുകൊണ്ട് ആ പാഠഭാഗത്തിന്റെ പ്രധാന ആശയങ്ങൾ സമർഥിക്കാൻ പര്യാപ്തമാകുന്നത് എന്ന് പാഠഭാഗത്തുനിന്ന് തെളിവുകൾ ഉദാഹരിച്ചുകൊണ്ട് വ്യക്തമാക്കണം.

അധ്യാപിക പാഠഭാഗത്തിന്റെ പ്രധാന ആശയങ്ങളിലേക്ക് നയിക്കാവുന്ന ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ചർച്ച ഓരോന്നും ക്രോഡീകരിക്കണം.

**തുടർപ്രവർത്തനം**

അടിസ്ഥാനപാഠാവലിയിലെ പാഠങ്ങളുടെ പ്രധാനാശയങ്ങൾ ഒന്നോ രണ്ടോ വാക്യത്തിൽ കുറിക്കുക.

**പ്രവർത്തനക്കാർഡ് 12 എ**

| |
|---|
| അടിസ്ഥാന പാഠാവലിയിലെ പാഠങ്ങളുടെ പ്രധാനാശയങ്ങൾ ഒന്നോ രണ്ടോ വാക്യത്തിൽ കുറിക്കുക. പതിപ്പ് തയാറാക്കുക. |

********************************